പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 765 — 24/01/2018 ൽ മറുപടിക്ക്

**ചെട്ടികുളങ്ങര ക്ഷേത്രത്തിലെ ശാന്തി നിയമനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ<br>,, ഒ. ആർ. കേളു<br>,, എം. മുകേഷ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | ദളിതർ ഉൾപ്പെടെയുള്ള അബ്രാഹ്മണരെ ശാന്തിക്കാരായി നിയമിച്ച് രാജ്യത്തിനു മാതൃകയായ സർക്കാർ നയത്തിനു വിരുദ്ധമായി ചെട്ടികുളങ്ങര ക്ഷേത്രത്തിലെ ശാന്തി നിയമനം തടഞ്ഞുവച്ച തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റിനും ദേവസ്വം കമ്മീഷണർ ഉൾപ്പെടെയുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുമെതിരെ സ്വീകരിച്ച നടപടി അറിയിക്കാമോ; | (എ) യും (ബി) യും<br>ക്ഷേത്ര തന്ത്രിയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ചെട്ടികുളങ്ങര ക്ഷേത്രത്തിലെ ശാന്തി നിയമനം റദ്ദ് ചെയ്ത തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉത്തരവ് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തിരുത്തി ഉത്തരവിറക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ ഇൻഡ്യൻ ശിക്ഷാ നിയമ പ്രകാരം നടപടിയെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട് |
| (ബി) | ജാതിയുടെ മാത്രം പേരിൽ ശാന്തി നിയമനം എതിർത്ത തന്ത്രിയുൾപ്പെടെയുള്ളവരുടെ നടപടി ജാതി വിവേചനം ആയതിനാൽ നിയമ നടപടി സ്വീകരിക്കുമോ; | |
| (സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ചില അംഗങ്ങൾ ശാന്തി നിയമനത്തിൽ അഴിമതി നടത്തിയെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ അന്വേഷണം ആരംഭിച്ചിട്ടുണ്ടോ? | (സി) ഇല്ല |

സെക്ഷൻ ഓഫീസർ